നമ്പർ 431/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹവികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരൻമാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരേ,
സമസ്ത സൃഷ്ടിയുടേയും രക്ഷയ്ക്കായി ദൈവപുത്രൻ മനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ചതിന്റെ ഓർമ്മ ഒരിക്കൽകൂടി ആഘോഷിക്കുവാൻ നാം തയ്യാറാവുകയാണ്. മഹത്വത്തിന്റെ ഔന്നത്യത്തിൽ നിന്ന് ബേത്‌ലഹേമിലേക്ക് താണിറങ്ങിയ മഹോന്നതന്റെ മനുഷ്യാവതാരം അത്യത്ഭുതമായിരുന്നു. സ്വയം വെറുമയാക്കലിന്റെ ഭാവമാണ് നമുക്ക് അവിടെ ദർശിക്കുവാൻ സാധിക്കുന്നത്. ശുശ്രൂഷിപ്പാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ നൽകുവാനുമായി മനുഷ്യപുത്രൻ ഈ ലോകത്തിലേക്ക് കടന്നുവന്നു. നൂറ്റാണ്ടുകളിലൂടെ ജനത്തിന് നൽകപ്പെട്ട പ്രതീക്ഷാ നിർഭരമായ പ്രവചനങ്ങളുടെ പൂർത്തീകരണമായിരുന്നു ആ മഹത്ജനനം. സ്വാർത്ഥത നിറഞ്ഞ ഈ ലോകത്തിലേക്ക് നിസ്വാർത്ഥനായി അവതരിച്ച് ശാന്തമായി തന്റെ ജനത്തെ ശുശ്രൂഷിച്ച ആ ജീവിതത്തെ എല്ലാ അർത്ഥത്തിലും അനുകരിക്കുവാൻ നമുക്കാകണം.

സംഭവബഹുലമായ ഒരു വർഷം കൂടി നമ്മിൽ നിന്നും അകലുകയാണല്ലോ. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നാം അനുഭവിച്ച ദൈവീക കൃപകളെ അനുസ്മരിക്കുവാനുള്ള ഒരു അവസരം കൂടിയായി ഈ ക്രിസ്തുമസിനെ കാണുവാൻ നമുക്ക് സാധിക്കണം. അടുത്തകാലത്ത് നമ്മുടെ രാഷ്ട്രത്തിനുനേരെയുണ്ടായ ഭീകരആക്രമണങ്ങളും മറ്റും ഇത്തരുണത്തിൽ നമ്മെ കൂടുതൽ ചിന്തിപ്പിക്കേണ്ടതാണ്. രാഷ്ട്രത്തിന്റെ ഐക്യവും, അഖണ്ഡതയും സംരക്ഷിക്കപ്പെടുവാൻ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

വാത്സല്യ മക്കളേ, സമാഗതമാകുന്ന പുതുവർഷത്തെ പ്രതീക്ഷയോടെ നമുക്ക് സ്വാഗതം ചെയ്യാം. വർഷാരംഭം രൂപാന്തരത്തിനുള്ള അവസരമാണ്; ജീവിതത്തിൽ വന്നുപോയ പിഴവുകളെ തിരുത്തി ദൈവാശ്രയബോധത്തോടും പുത്തൻ ദർശനത്തോടും കൂടി പുതിയ വർഷത്തിലേക്ക് പ്രവേശിക്കുന്നതിന് നമുക്ക് സാധിക്കണം.

മുൻ പതിവുപോലെ പുതുവർഷ ജാഗരണം നമ്മുടെ എല്ലാ പള്ളികളിലും സൗകര്യപ്രദമായ രീതിയിൽ ക്രമീകരിക്കണം. അനുതാപത്തോടും പ്രാർത്ഥനയോടും കൂടി കുടുംബമായി ദൈവസന്നിധിയിൽ നമ്മെ സമർപ്പിച്ച് പുതുശക്തി പ്രാപിക്കുന്നതിന് പുതുവർഷജാഗരണം നമ്മെ സഹായിക്കട്ടെ! എല്ലാവരും വർഷാരംഭത്തിൽ വിശുദ്ധ കുർബ്ബാന അനുഭവിക്കുവാൻ ഒരുങ്ങണം. നിങ്ങൾക്കേവർക്കും ദൈവാനുഗ്രഹം നിറഞ്ഞ ക്രിസ്തുമസ് പുതുവത്സരാശംസകൾ നേരുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ഡിസംബർ മാസം 11 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.